# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2484 — 12/06/2018-ൽ മറുപടിക്ക്

## പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതി

| | ചോദ്യം<br>**ശ്രീ.വി.പി.സജീന്ദ്രൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ ഇൻടേക്ക്, ബാലൻസ് ടണൽ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ പഴയ കരാറിൽ നിന്നും ഡി-ലിങ്ക് ചെയ്ത് 'ഭൂമി-സില്യോൺസ് JV' എന്ന കമ്പനിക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. പള്ളിവാസൽ സ്കീമിന്റെബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എസ്സാർ കൺസോർഷ്യം എന്ന നിലവിലുള്ള കമ്പനിയാണ് ചെയ്തിരുന്നതെങ്കിലും നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ട് 02.04.2018 മുതൽ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. ഈ പദ്ധതിയിൽ നിന്നും 60 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടണൽ നിർമ്മിക്കുന്ന പണി ആരംഭിച്ചിട്ടുണ്ടോ; ഭൂമി പൂജ കഴിഞ്ഞിട്ടും പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ (ബാലൻസ്) നിർമ്മിക്കുന്ന പണി 26.02.2018-ൽ തുടങ്ങി. നാഷണൽ ഹൈവേയുടെ ഡൈവേർഷൻ റോഡ് നിർമ്മാണം, ടണലിന്റെ 2.5 മീറ്റർ ഡ്രൈവിംഗ് എന്നിവയും ഇൻടേക്ക് ബോക്സ് കൾവർട്ടിന്റെ നാഷണൽ ഹൈവേയുൾപ്പെടെയുള്ള എസ്കവേഷൻ എന്നിവ പൂർത്തിയാക്കുകയും, ഇൻടേക്ക് ബോക്സ് കൾവർട്ടിനുള്ള സാമ്പിൾ പൈലിംഗ് നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (സി) | ഈ പദ്ധതിക്കായി ഇറക്കുമതി ചെയ്ത ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങളും നശിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്കായി ഇറക്കുമതി ചെയ്ത ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങൾക്കും കരാർ അനുസരിച്ച് ഗ്യാരന്റി ഉള്ളതാണ്. ഉപകരണങ്ങളുടെ |

(..2)

| | | | |
|---|---|---|---|
| | | | ഡിഫക്ട് ലയബിലിറ്റി പിരീഡിൽ ഉണ്ടാകുന്ന എല്ലാ കേട്ടുപാട്ടുകളും കോൺട്രാക്ടറുടെ ചെലവിൽ നന്നാക്കി തരുവാൻ കരാറിൽ വ്യവസ്ഥ ഉള്ളതാണ്. |
| (ഡി) | പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ